**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3598** **02-03-2023 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിൽ മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പുനരധിവാസ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2022-23 -ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആലപ്പുഴ മണ്ഡലത്തിൽ മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പുനരധിവാസ കേന്ദ്രം പദ്ധതിക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | പദ്ധതിയ്ക്കായി ആലപ്പുഴ ജില്ലയിലെ നിർമ്മിതി കേന്ദ്രം തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് സഹിതം ബഹു. ശ്രീ. പി. പി. ചിത്തരഞ്ജൻ എം. എൽ. എ 30.01.2023 തീയതിയിൽ സമർപ്പിച്ച കുറിപ്പ് തുടർനടപടികൾക്കായി സാമൂഹ്യനീതി ഡയറക്ടർക്ക് നൽകുകയുണ്ടായി. ആയതിൻപ്രകാരം ഈ വിഷയത്തിലുള്ള തുടർനടപടികൾ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ സ്വീകരിച്ച് വരുകയാണ്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (ബി) | സാമൂഹ്യനീതി ഡയറക്ടറേറ്റിൽ നിന്ന് വിശദമായ പ്രൊപ്പോസൽ ആവശ്യമായ അനുബന്ധ രേഖകൾ സഹിതം ലഭിയ്ക്കുന്ന മുറയ്ക്ക് ഉചിതമായ തുടർ നടപടികൾ സ്വീകരിയ്ക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിക്ക് എത്ര തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | 2022-2023 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം 2 വാല്യം 2-ൽ ക്രമനമ്പർ. 120-ആയി "മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പുനരധിവാസകേന്ദ്രനിർമ്മാണം, ഓട്ടോകാസ്റ്റിന് സമീപം" എന്ന പദ്ധതിയ്ക്കായി സാമൂഹ്യനീതി വകുപ്പിന് 2,00,00,000/- രൂപ അടങ്കൽ തുകയായി നിശ്ചയിച്ച് 2022-2023 സാമ്പത്തിക വർഷം 40,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത 40,00,000/- രൂപ 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിലെ 5054-80-800-66-പ്ലാൻ എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 52,40,53,000/- രൂപയിൽ നിന്ന് കണ്ടെത്താവുന്നതാണെന്ന് മേൽ പറഞ്ഞ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പരാമർശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ